**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **18-01-2021 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി കോടതി ജംഗ്ഷനിൽ ദേശീയപാതയിൽ ആരംഭിച്ച അണ്ടർ പാസ്സേജിന്റെ നിർമ്മാണം കാര്യമായി പുരോഗമിക്കാത്തതും കാലതാമസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തി പൂർണ്ണമായും കേന്ദ്രസർക്കാരിനു കീഴിലുള്ള NHAI മുഖേനയാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാരിനു നേരിട്ട് മേൽനോട്ടമോ നിയന്ത്രണമോ ഇല്ല. പലതവണ NHAI അധികാരികളോട് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടേയും എം.എൽ എ. ശ്രീ. ബി.ഡി. ദേവസ്സിയുടേയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയതാണ്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനോ, കരാർ കമ്പനിക്കെതിരെ നടപടി സ്വീകരിക്കാനോ ദേശീയപാത അതോറിറ്റി തയ്യാറായിട്ടില്ല. ഇത് പൊതുമരാമത്ത് വകുപ്പിന് നിർമ്മിക്കാൻ അധികാരമില്ല. അണ്ടർപാസ്സ് നിർമ്മിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തികൾ ഉടനെ തന്നെ ആരംഭിക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ